(സി) സംസ്ഥാനത്തേയ്ക്കുള്ള വിനോദസഞ്ചാരികളുടെ സ്വീകരണത്തിന് എവിടെയെല്ലാം ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ തുറന്നിട്ടുണ്ട്?

ഉത്തരം

(എ) നല്ല ഗതാഗത സൗകര്യം, താമസസൗകര്യം, റെസ്റ്റോറന്റുകൾ, ശുദ്ധ ജലം, ഇലക്ട്രിസിറ്റി, കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ, ഇൻഫർമേഷൻ സെന്ററുകൾ, ഗുണമേന്മയുള്ള ടോയ്ലറ്റ് സൗകര്യമുൾപ്പെടെയുള്ള ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ, സൈനേജ്, ലൈറ്റിംഗ് തുടങ്ങിയവയാണ് വിനോദസഞ്ചാര വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ.

(ബി) ഉണ്ട്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

വഴിയോര പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നിക്ഷേപം

64(1540) ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരം പദ്ധതി ഏതുഘട്ടംവരെയായി എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ എത്ര സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ ലക്ഷ്യമിടുന്നത്;

(ഡി) ഇതിലൂടെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) വഴിയോര പദ്ധതിയുടെ ആദ്യഘട്ടമായി 121 സംരംഭകരെ വകുപ്പ് തെരഞ്ഞെടുക്കുകയുണ്ടായി.

(സി) ആകെ 250-ഓളം വഴിയോര യൂണിറ്റുകളാണ് വകുപ്പ് വിഭാവനം ചെയ്യുന്നത്. ഇതുവഴി ഏകദേശം 50 കോടിയോളം രൂപയുടെ സ്വകാര്യ നിക്ഷേപമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

---

† അനുബന്ധം - XII

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ വഴിയോരം യൂണിറ്റിലും 5-ൽ കുറയാതെ ആൾക്കാർക്ക് നിർബന്ധമായും ജോലി നൽകണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. എന്നാൽ ഓരോ യൂണിറ്റിലും 20 പേർക്കെങ്കിലും ജോലി ലഭിക്കുമെന്ന് വകുപ്പ് കരുതുന്നു. ആയതി നാൽ ഏകദേശം 5000 പേർക്കെങ്കിലും നേരിട്ട് തൊഴിലവസരങ്ങൾ ഈ പദ്ധതി മുഖേന സൃഷ്ടിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

65(1541) ശ്രീ. സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിത്സയ്ക്ക് വിദേശ-ആഭ്യന്തര ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നതിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോ;

(ബി) ആയുർവ്വേദ ടൂറിസം പ്രോൽസാഹിപ്പിക്കാൻ ടൂറിസം വകുപ്പിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ആയുർവ്വേദ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ആയുർവ്വേദ ടൂറിസം ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കേരളത്തിൽ ആയുർവ്വേദ ചികിത്സ ലക്ഷ്യമിട്ടുകൊണ്ട് എത്തുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി ഗുണമേന്മയുള്ള ആയുർവ്വേദ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്ന ഒരു പദ്ധതി ടൂറിസം വകുപ്പിലുണ്ട്. അംഗീകാരം ലഭിച്ചിട്ടുള്ള കേന്ദ്രങ്ങളെ ടൂറിസം വകുപ്പിന്റെ ലഘുലേഖകൾ, ഔദ്യോഗിക വെബ്സൈറ്റ് എന്നിവയിൽ ഉൾപ്പെടുത്തി അന്തർദേശീയ തലത്തിൽ പ്രചാരണം നടത്തിവരുന്നു. കൂടാതെ കോട്ടയം ജില്ലയിലെ വാഗമണ്ണിൽ ഒരു ആയുർവ്വേദ റിസോർട്ട് & ഹെർബൽ ഗാർഡനും പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ഒരു ഹോളിസ്റ്റിക് ഹെൽത്ത് കെയർ റിസോർട്ടും സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന് പദ്ധതിയുണ്ട്.

(ഡി) ഗുണമേന്മയുള്ള ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി ടൂറിസം വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച ലഘുലേഖയുടെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly